

ശലഭത്തെപ്പോലെ ചിറകു വിരിച്ച്: ജെയ്ൻ ഗോഡ്ബർഗ്

റസൽ

'നല്ല നർത്തകിമാർ നല്ല കാമുകിമാരായിരിക്കും.' അങ്ങനെയാണെങ്കിൽ ജെയ്ൻ നല്ല കാമുകിയാണ്. ഇവർ പ്രണയിക്കുന്നതു നൃത്തത്തെയാണ്, പാദുകങ്ങളിൽ ചേർത്തുവച്ച ലോഹത്തിൽനിന്നു സംഗീതമുതിർക്കുന്ന ടാപ്പ് നൃത്തത്തെ. ഈ ഇഷ്ടം മറച്ചുവയ്ക്കാതെ ലോകത്തെ അറിയിക്കുന്നുമുണ്ട് ജെയ്ൻ, അതും നൃത്തത്തിലൂടെ. കാമുകരെ മനസിന്റെ ചുവടുമാറ്റത്തിലൂടെ മാറുന്നവരും നല്ല നർത്തകരാണ്. അതു കാമുകിമാരുടെ കാര്യം. ഈ കാമുകിയുടെ ചുവടുമാറ്റം വേദികളിൽനിന്നു വേദികളിലേക്കാണ്, വെറുതെയിരിക്കാൻ വിസമ്മതിക്കുന്ന, രാജ്യാന്തര തലത്തിൽ ടാപ്പ് നൃത്തത്തിന്റെ സംഗീതമെത്തിക്കാൻ യത്നിക്കുന്ന ചുവടുകൾ...

ഇവർ ജെയ്ൻ ഗോഡ്ബർഗ്. ടാപ്പ് നൃത്തപഠനത്തിനും പ്രചാരണത്തിനുമായി ജീവിതം. നൃത്തരൂപമെങ്കിലും കൂത്തിനോടും ഓട്ടൻതുള്ളലിനോടും ഹരികഥാകാരന്റെ കയ്യിലെ ചപ്ലാംകട്ടയുടെ ശബ്ദത്തോടുമൊക്കെയാണ് ഈ നൃത്തരൂപത്തിനു സാമ്യം തോന്നുക. പാട്ടിന്റെ താളത്തിനൊത്തു വഞ്ചിയിൽ കൈതക്കാലിടിക്കുംപോലെ, മണികൾ തെറിക്കുംവിധം ഉറഞ്ഞുതുള്ളുന്ന വെളിച്ചപ്പാടിന്റെ ചിലമ്പൊലി പോലെ...

ഷൂസിൽ ഘടിപ്പിച്ച ലോഹക്കട്ട നിലത്തടിച്ചുണ്ടാക്കുന്ന ശബ്ദമാണു ടാപ്പിന്റെ വിശേഷത. ചുവടുകൾക്കു വേഗമേറുന്നതോടെ നൃത്തത്തിനും താളഭദ്രത കൈവരും.

ഇതിനൊത്തു ജെയ്ൻ സംസാരിച്ചു തുടങ്ങും... ടാപ്പ് ഡാൻസിന്റെ ചരിത്രം, വർത്തമാനകാല അമേരിക്കയോടുള്ള വിമർശനം, പറഞ്ഞുപറഞ്ഞിതു രസകരമായ സന്ദേശങ്ങളിലൂടെ രാഷ്ട്രീയത്തിൽപോലും എത്തുന്നു.

ജോർജ് ബുഷിൽനിന്ന് സദ്ദാം ഹുസൈനുള്ള സന്ദേശം-ടാപ്പ് ഗ്രാം-കൂടി ഇവരുടെ നൃത്തത്തിലുണ്ട്. പിന്നെ, ടാപ്പ് നൃത്തത്തിന്റെ 'ഷിം-ഷാം' ദേശീയഗാനം. ഇതൊക്കെക്കൊണ്ട് ഒരു മണിക്കൂർ നേരം ജയ്ൻ എന്ന യഹൂദസുന്ദരി കാണികളുടെ ചുവടിളകാതെ നിർത്തും.

ജെയ്നിന്റെ നൃത്തത്തിന് എന്തിനോടൊക്കെയോ സാമ്യം തോന്നും. ഇംഗ്ലണ്ടിന്റെ വടക്കൻ ദേശത്തെ പരമ്പരാഗത 'ക്ലോഗ് നൃത്ത'ത്തിനോട്. ഐറിഷ്-സ്കോട്ടിഷ് 'ജിഗ്ഗി'നോട്. ആഫ്രിക്കയിലെ നാടോടി നൃത്തത്തിനോട്. തീർന്നില്ല. ചൈനയിലും ജപ്പാനിലും ലോകമെങ്ങും ടാപ്പിനോടു ചേർന്നു നിൽക്കുന്ന നൃത്തരൂപങ്ങളുണ്ട്.

വാഷിംഗ്ടൺ ഡി.സി.യിൽ നിന്നു ബോസ്റ്റണിലേക്കും പിന്നെ ന്യൂയോർക്കിലേക്കും കുടിയേറിയ ജെയ്ൻ യാത്രയും അന്വേഷണങ്ങളുമൊക്കെയായി തികച്ചും ചലനാത്മകമായ ജീവിതം നയിക്കുമ്പോഴും ചിലപ്പോഴെങ്കിലും മനസിന്റെ ഏകാന്തതയിലേക്ക്, ഇരുളിലേക്കു വഴുതിവീഴാറുണ്ട്.

നൃത്തം ജീവനോപാധിയാക്കിയ നർത്തകിയല്ലിവർ. നൃത്തസംവിധായിക, നൃത്ത വിമർശക, സാമൂഹിക പ്രവർത്തക, ഗവേഷക, പത്ര പ്രവർത്തക, നിർമാതാവ്, സംഘാടക... ഇവിടെയും ജെയ്നിന്റെ പ്രതിമ അസ്തമിക്കുന്നില്ല. ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിലെ നൃത്തവിഭാഗത്തിന്റെ അസോസിയേറ്റ് പ്രഫസറായ ജെയ്ൻ 'ഫുൾബ്രൈറ്റ് സ്കോളർഷിപ്പ്' നേടിയാണ് ടാപ്പ് ഡാൻസും അമേരിക്കയിലെ വർഗ ബന്ധങ്ങളും സംബന്ധിച്ച പഠനത്തിനിടയിൽ ഇവിടെ

സാ
മിവർക്ക്. ഖജുരാ
മങ്ങാത്ത ഓർമക
ഒരിക്കൽ മുട്ടിന
സിൽ, സ്പ്രിങ് 
ത്രറ്റിസ് രോഗം 
ഷൂസണിഞ്ഞാൽ
താളബോധം 
സുകളിൽ ചേർക
ടാപ്പ് നൃത്തത്തെ
വെറുതെ. ആറു 
യുമാവാം.
നീഗ്രോ പുരുഷ
കാലത്ത്. ചലനമ
കൾ പഠിപ്പിച്ച ജേ
ക്കിനെയുമാണ് 
സഖ്യത്തിനൊപ്പം
യിച്ചു.
സത്യജിത് റായ്
ഴിഞ്ഞു.
പൂനെ, അഹമ്മ
ണിക്കപ്പെട്ട സദന
രുടെ അർപ്പണ 
യ അയർലൻഡിറ
ത്തു നിന്ന് ആല
വൈദ്യരെ കാണാ
മൊക്കെ അറിയാറ
തളരാൻ മടിക്ക
ത്തിലും പുതിയ 
ന്നത്......